## ആസ്തി വികസന പദ്ധതിക്ക് ധനകാര്യവകുപ്പിന്റെ അനുമതി ലഭിക്കുന്നത് സംബന്ധിച്ച്

127 (6578) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണ വകുപ്പ് ശിപാർശ ചെയ്ത കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾ ധനകാര്യ വകുപ്പിൽ എത്തിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ ധനകാര്യ അനുമതി നൽകി ബന്ധപ്പെട്ട വകുപ്പിന് തിരിച്ചയച്ചിട്ടുണ്ടെന്നും നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഭരണവകുപ്പ് ശിപാർശ ചെയ്ത ധനകാര്യ വകുപ്പിൽ എത്തിയ പ്രവൃത്തികളിൽ അനുമതി നൽകാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ആസ്തിവികസന പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി ധനകാര്യ അനുമതി നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ; അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) 2013-14 വർഷത്തെ കണ്ണൂർ ജില്ലയിലെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ഭരണ വകുപ്പ് ശിപാർശ ചെയ്ത് ധനവകുപ്പിൽ 72 പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. അവയിൽ ഒന്നൊഴികെ ബാക്കി 71 പ്രവൃത്തികൾക്കും ധനവകുപ്പ് അനുമതി നൽകി, ബന്ധപ്പെട്ട ഭരണ വകുപ്പിന് തിരിച്ചയച്ചിട്ടുണ്ട്. ഭരണ വകുപ്പ് ശിപാർശ ചെയ്ത് ധനകാര്യവകുപ്പിൽ എത്തിയ പ്രവൃത്തികളിൽ ഈ വകുപ്പ് അനുമതി നൽകിയതും നൽകാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ 73/12/ധന. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലഭിക്കുന്ന പ്രൊപ്പോസലുകൾക്ക് താമസംവിനാ അംഗീകാരം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly